# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 265 — 28.06.2016 ൽ - മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം പൂർണ്ണമായി നടപ്പിലാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS) പ്രകാരമുള്ള നിലവിലെ റേഷൻ കാർഡിലെ വിവരവും ഉൾപ്പെടുത്തി പ്രീ-ഷോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി വിവര ശേഖരണത്തിനായി റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും ഫോട്ടോ ക്യാമ്പുകൾ സംഘടിപ്പിച്ച് കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിലൂടെ ലഭ്യമായ വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്ത് പൂർത്തീകരിക്കുകയും ചെയ്തു. ഡാറ്റാ എൻട്രികളുടെ പിഴവുകൾ തിരുത്തുന്നതിനും ആവശ്യമായ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി ഈ ഡാറ്റാ എൻട്രിയുടെ പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ കാർഡുടമൾക്ക് വിതരണം ചെയ്തു. ഈ പ്രിന്റൗട്ടുകൾ തിരികെ ലഭ്യമാക്കി ഡാറ്റാ എൻട്രി പൂർത്തിയാക്കി. എൻ.ഐ.സി. വികസിപ്പിച്ച റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ താലൂക്ക്തല റാങ്കിംഗ് നടത്തി സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ഓഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലെയും (ആകെ 81) മുൻഗണനാ/മുൻഗണന ഇതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്. കരട് പട്ടിക പ്രസിദ്ധീകരിച്ച് ആയതിന്മേൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് |

അന്തിമ മുൻഗണനാ/മുൻഗണന ഇതര പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം പുതിയ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്.

(ബി) സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒരു ഭക്ഷ്യസുരക്ഷാ ഓഫീസ് സ്ഥാപിക്കണം എന്ന നയം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നിയോജക മണ്ഡല അടിസ്ഥാനത്തിൽ പുതിയതായി തുടങ്ങിയ എല്ലാ ഭക്ഷ്യസുരക്ഷാ ഓഫീസുകളിലേയ്ക്കും ഫുഡ് സേഫ്റ്റി ഓഫീസർമാരും ക്ലർക്കുമടക്കം അവശ്യം വേണ്ട തസ്തികകൾ ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി. മുഖാന്തിരം നികത്തുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്. പുതിയതായി ഓഫീസ് തുടങ്ങുവാൻ അനുമതി ലഭ്യമായതിൽ കെട്ടിടം ലഭ്യമായ മുഴുവൻ ഭക്ഷ്യ സുരക്ഷാ ഓഫീസുകളും ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയതുൾപ്പെടെ മുഴുവൻ സർക്കിളുകളിലേക്കും തൊട്ടടുത്ത് ലഭ്യമായ ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് അധിക ചുമതല നൽകി എല്ലാ സർക്കിളുകളും ഇതിനകം നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) എങ്കിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(സി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 50 ഗ്രാമപഞ്ചായത്തുകളിൽ 100 ശതമാനം ഭക്ഷ്യ സുരക്ഷാ ഉറപ്പു വരുത്തുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും 8, 9, 11 എന്നീ ക്ലാസ്സുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഭക്ഷ്യ സുരക്ഷാ സംബന്ധിച്ച അവബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനാവശ്യമായ പരിശീലന പദ്ധതിയും ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് ഉൾപ്പെടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിന് ഉതകുന്ന രീതിയിൽ 2 മൊബൈൽ അനലിറ്റിക്കൽ ലബോറട്ടറിയും പ്രാവർത്തികമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ